കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം.(പി13)146/19

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
ഇ മെയിൽ – doekm.ksad@kerala.gov.in
ഫോൺ 0484 2422271
തീയതി.18/03/2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് ,
കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം:- കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.ഇ.കെ.എം.(പി13)146/19

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി. 18/03/2019

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ.സി.ആർ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.12.2018 മുതൽ 31.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപകുമാർ.എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രസാദ്.പി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സന്തോഷ് കുമാർ.എം | ഓഡിറ്റർ |

.

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ലോനപ്പൻ എം.പി. | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|

| | |
|---|---|
| ശ്രീമതി. പി. രാജലക്ഷ്മി. | 01.04.2017 മുതൽ 22.04.2017 വരെ |
| ശ്രീമതി. അംബിക.കെ.പി | 23.04.2017 മുതൽ 07.06.2017 വരെ |
| ശ്രീ.സുബ്രമണ്യൻ.കെ.കെ | 07.06.2017 മുതൽ 31.03.2018 വരെ1 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.വിൻസിമോൾ ലൂക്കോസ് | 01.04.2017 | 20.06.2017 |
| | ശ്രീ.ഷെക് സർതാജ് | 21.06.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.സിന്ധു | 01.04.2017 | 28.07.2017 |
| | ഡോ. ഗ്ലെൻസൻ | 29.07.2017 | 31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ബീന കെ എസ് | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീ.ബോബൻ പോൾ | 01.04.2017 | 30.10.2017FN |
| | ശ്രീമതി. എൽസ ജെൽസ് | 30.10.2017AN | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.വിനോ സേവ്യർ | 01.04.2017 | 18.07.2017 |
| | ഡോ. ഇന്ദിര പി | 19.07.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ടിനു റെജീന പി.ജെ | 01.04.2017 | 31.03.2018 |
| അസിസ്ററന്റ് എഞ്ചിനീയർ | ശ്രീ. ഒ.എ.തോമസ് | 01.04.2017 | 31.07.2017 |
| | ശ്രീമതി.അനു ടി | 01.08.2017 | 31.03.2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.ഹെന കൃഷ്ണൻ | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി രശ്മി രാമചന്ദ്രൻ | 01.04.2017 | 03.12.2017 |
| | ശ്രീ.ഗോപകുമാർ.എ | 04.12.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാഞ്ഞൂർ) | ശ്രീഹർഷാദ്.വി.കെ | 01.04.2017 | 30.06.2017 |
| | ശ്രീ.നജീബ്.ടി.എസ് | 01.07.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പാറപ്പുറം) | ശ്രീഹർഷാദ്.വി.കെ | 01.04.2017 | 30.06.2017 |
| | ശ്രീമതി.റിയ ജോർജ്ജ് | 01.07.2017 | 31.03.2018 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 12 | വസ്തുനികുതി-അപാകത | 2-1 |
| 13 | വസ്തു നികുതി നിർണ്ണയം -അപാകതകൾ | 2-2 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 2-3 |
| 15 | ഡി & ഒ ലൈസൻസ് ഫീ -അപാകതകൾ | 2-4 |
| 16 | പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യണം | 2-5 |
| | ഭാഗം **- 3** | |
| 17 | ചിറമറ്റം ചിറ നവീകരണം,പഞ്ചായത്തിന് മണ്ണിന്റെ വില ലഭിച്ചില്ല. | 3-1 |
| 18 | ഒരു സാമ്പത്തിക വർഷം രണ്ടുതവണ ലീവ് സറണ്ടർ അനുവദിച്ചു | 3-2 |
| 19 | ഐ.കെ.എം വിഹിതം -ആവശ്യപ്പെട്ടതിലധികം തുക നൽകി | 3-3 |
| 20 | തുടർ സാക്ഷരതാ പരിപാടി-രേഖകൾ ഹാജരാക്കിയില്ല. | 3-4 |
| 21 | ഡീസൽ ജനറേറ്റർ -ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തേടിയില്ല | 3-5 |
| 22 | പ്രവർത്തനം തുടങ്ങാത്ത എസ്.സി പകൽവീടുകൾക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങി നൽകി | 3-6 |
| 23 | പഠനമുറിക്ക് സഹായം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-7 |
| 24 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- പദ്ധതി അപാകതകൾ | 3-8 |
| 25 | തെരുവ് വിളക്ക് മെയിന്റനൻസ് | 3-9 |
| 26 | ആട് വിതരണം-പദ്ധതി അപാകതകൾ | 3-10 |
| 27 | സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ്(SEUF) വഴി നടപ്പാക്കിയ ജൈവഭരണി വിതരണം- അപാകതകൾ | 3-11 |
| 28 | ഉപയോഗിച്ച ബിറ്റുമിന്റെ മുഴുവൻ വിലയും ബില്ലിൽ കുറവ് ചെയ്തിട്ടില്ല.- 10719/- രൂപ നഷ്ടം | 3-12 |
| 29 | കുഴിച്ചെടുത്ത മണ്ണിന്റെ വില ഈടാക്കിയില്ല- കരാറുകാരനിൽ നിന്ന് 2685/- രൂപ ഈടാക്കേണ്ടതാണ്. | 3-13 |
| 30 | എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല- കോമ്പൻസേഷൻ തുക 6786/- രൂപ ഈടാക്കേണ്ടതാണ്. | 3-14 |

| | | |
|---|---|---|
| 31 | ഗുണഭോക്തൃസമിതി പ്രവൃത്തി - അധികനിരക്ക് നല്കി- 5517/- രൂപ കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ് | 3-15 |
| 32 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-16 |
| 33 | തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 3-17 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ചാർജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 45 | ബാലൻസ് ഷീറ്റ്(2017-18), ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്(2017-18), റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്(2017-18) | അനുബന്ധം2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.3.2017 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 26.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21.6.2018 & 22.6.2018 | കെ.എസ്.എ.-ഇ.കെ.എം(പി.ജി)1786(17)/2018 |

| | | |
|---|---|---|
| | | തീയതി 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11385806 |
| വരവ് | 76274608 |
| ആകെ | 87660414 |
| ചെലവ് | 80642844 |
| നീക്കിയിരിപ്പ് | 7017570 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 0 | 9574246 | 9574246 | 9516377 | 57869 | 0 |
| വികസനഫണ്ട്- എസ്.സി.പി. | | 0 | 4795692 | 4795692 | 4345356 | 450336 | 0 |
| വികസനഫണ്ട് – ടി.എസ്.പി. | | 0 | 127789 | 127789 | 127789 | 0 | 0 |
| സംരക്ഷണഗ്രാന്റ്- റോഡ് | | 0 | 27380087 | 27380087 | 27342256 | 37831 | 0 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | | 0 | 2900858 | 2900858 | 2876263 | 24595 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 5060904 | 5060904 | 5051628 | 9276 | 0 |
| ലോകബാങ്ക് ധനസഹായം (കേന്ദ്ര വിഹിതം) | | 0 | 1976907 | 1976907 | 1380243 | 596664 | 0 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാന വിഹിതം) | | 0 | 586701 | 586701 | 0 | 586701 | 0 |
| ദുരിതാശ്വാസനിധി | | 3984 | 0 | 3984 | 0 | | 3984 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | കൂലിച്ചെലവ് | 0 | 12256472 | 12256472 | 12256472 | 0 | 0 |
| | അഡ്മിനിസ്ട്രേഷൻ ചെലവ് | 49357 | 552148 | 601505 | 599183 | 0 | 2322 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം | | 375973 | 1057675 | 1433648 | 0 | 0 | 1433648 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 247644 | 1329400 | 1577044 | 777044 | 0 | 800000 |
| | ജില്ലാ പഞ്ചായത്ത് | 56592 | 1900000 | 1956592 | 200000 | 0 | 1756592 |
| ബി ഫണ്ട് | | 0 | 190296 | 190296 | 190296 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7370356 | 12289729 | 19660085 | 15527828 | 0 | 4132257 |
| | ട്രഷറി അക്കൗണ്ട്* | 1259971 | 8479228 | 9739199 | 9275145 | 0 | 464054 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 71313417 | 213 | 54004477 | 0 | 37 | 85 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 49357 | 552148 | 601505 | 599183 | 2322 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 12256472 | 12256472 | 12256472 | 0 |
| ആകെ | 49357 | 12808620 | 12857977 | 12855655 | 2322 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6000 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 5474700 | 498 |
| വിധവാപെൻഷൻ | 8201000 | 687 |
| വാർദ്ധക്യകാലപെൻഷൻ | 20405400 | 1607 |
| വികലാംഗപെൻഷൻ | 2740300 | 230 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 673800 | 55 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/12/2018 3.30പി.എം.ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 822/- രൂപ ക്യാഷ് ബാലൻസിന്റെ

കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമല്ല. താഴെ പറയുന്ന അപാകതകൾ, അവ പരിഹരിക്കുന്നതിനായി ശ്രദ്ധയിൽപെടുത്തുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിലും തയ്യാറാക്കുകയോ, പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. കഴിഞ്ഞ ഇരുപത് വർഷങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ആസ്തികളായ ശ്മശാനം, അങ്കണവാടി കെട്ടിടങ്ങൾ, കാനകൾ, പാലങ്ങൾ, റോഡുകൾ എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്ന് പശ്ചാത്തല വികസന വർക്കിംഗ് ഗ്രൂപ്പ് 22-2-17 ലെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ 6ാം വാർഡിലുള്ള ചിറമറ്റം ചിറയെക്കുറിച്ചുള്ള വിസ്തീർണ്ണം, സർവ്വേ നമ്പർ പോലുള്ള അടിസ്ഥാന വിവരങ്ങൾ പോലും ആസ്തി രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല.

6.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

7. റോഡ് കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് മുതലായവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല..

8.വാങ്ങലുകൾക്ക് ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ സംബന്ധിച്ച വാങ്ങലുകൾ അതാത് നിർവ്വഹണോദ്യോഗസ്ഥരുടെ ചുമതലയാണ്.

9.പൗരാവകാശ രേഖ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

10.വൗച്ചറുകൾ ബൈന്റ് ചെയ്താണ് സൂക്ഷിക്കുന്നതെങ്കിലും ക്രമത്തിലൊ, അനുബന്ധ രേഖകൾ ഒരുമിച്ചോ അല്ല, അടുക്കിയിരിക്കുന്നത്.

11.ഫയലുകൾ സൂക്ഷിക്കുന്നതും ക്രമത്തിൽ അല്ല.ഒരു വിഷയത്തിന് പല സെക്ഷനിലായി ഒന്നിലധികം ഫയലുകൾ സൂക്ഷിക്കുന്നതാണ് നിലവിലെ രീതി.

12.സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് ഫയലുകൾ വളരെ അലസമായാണ് സൂക്ഷിച്ചിരിക്കുന്നത്.
13. മുൻ സെക്രട്ടറിക്ക് ഒരേ വർഷം രണ്ട് തവണ ലീവ് സറണ്ടർ അനുവദിച്ചതും, ഐ.കെ.എം വിഹിതം ഡിമാന്റിലധികം അടവാക്കിയതും ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലാത്തതിന് ഉദാഹരണമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.12.2018 | 10/ 2018-11/2018 | 18.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.15 -12.03.15 | 2009-10 മുതൽ 2013-14 വരെ | 24.05.2015 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലേക്ക് നിക്ഷേപ പ്രവർത്തിക്കായി നല്കിയ തുകകൾ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനു മുമ്പ് തന്നെ സ്ഥിരം ആസ്തികൾക്കുള്ള ശീർഷകത്തിൽ ചെലവു രേഖപ്പെടുത്തിയിരിക്കുന്നു.

2.സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക വിനിയോഗിച്ചപ്പോൾ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് തനതുഫണ്ട് അക്കൗണ്ടിലാണ്. ഇക്കാരണത്താൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതിനേക്കാൾ കൂടുതൽ വന്നിരിക്കുന്നു.

3. വാർഷിക കണക്ക് പ്രകാരം അങ്കണവാടി പോഷകാഹാര പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതത്തിൽ 14,33,648/- രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കണക്ക് പ്രകാരം 654087/- രൂപയാണ് ചെലവഴിക്കാൻ ബാക്കിയുള്ളത്. ഓരോ ഹെഡിലെയും ചെലവ് തുക ശരിയായ ജേണൽ എൻട്രി നടത്തി ക്രമീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-അപാകത

1. ധനകാര്യ പത്രിക പ്രകാരം 2016-17-സാമ്പത്തികവർഷാവസാനം വസ്തുനികുതികുടിശ്ശികയായി ലഭിയ്ക്കാക്കാനുണ്ടായിരുന്ന തുകയിൽ 2017-18 സാമ്പത്തികവർഷത്തെ Income& Expenditure Account-ൽ Prior period Incomes എന്ന ഹെഡിൽ -438989/-രൂപ റസിഡൻഷ്യൽ വസ്തു നികുതി എന്ന ഇനത്തിലും 1371722/-രൂപ നോൺറസിഡൻഷ്യൽ വസ്തു നികുതി എന്ന ഇനത്തിലും എഴുതിതള്ളിയതായി കാണുന്നു. ഇതിന് കൃത്യമായ വിശദീകരണം നൽകേണ്ടതും 2017-18 വർഷം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡിമാന്റിന്റേയും കുടിശ്ശിക വസ്തു നികുതി ഡിമാന്റിന്റേയും കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

2. 28-12-2018-ലെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള Suspected Report പ്രകാരം വസ്തുനികുതി ഇനത്തിൽ 929 എൻട്രികളിലായി ആകെ 697962/-രൂപ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ഇത് ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി വരവുകൾ കൃത്യമായതല്ല എന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ വസ്തു നികുതി Suspected എന്ന ഇനത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണം പരിശോധിക്കേണ്ടതാണ്.

3. ഡി & ഒ ലൈസൻസ് ഫീ രജിസ്റ്റർ പ്രകാരം ഡി & ഒ ലൈസൻസ് ഫീ നൽകിയ പല സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും വസ്തു നികുതി കുറഞ്ഞ നിരക്കിലാണ് ഈടാക്കുന്നത്.

| ക്രമ | ലൈസൻസ് | കെട്ടിട | വസ്തുനികുതി | ഇപ്പോഴത്തെ |
|---|---|---|---|---|

| നം | നം | നം | നിർണ്ണയപ്രകാരം ഉപയോഗം | ഉപയോഗം |
|---|---|---|---|---|
| 1 | 5 | 13/54B | ഇല്ല | ഹോളോബ്രിക്സ് നിർമ്മാണം |
| 2 | 64 | 7/337 | പാർപ്പിടം | ഫാസ്റ്റ് ഫുഡ് |
| 3 | 68 | 6/332A | പാർപ്പിടം | ഹോട്ടൽ |
| 4 | 93 | 1/265A | കൈത്തറി, കയർ പിരിഷെഡ് | കായം സ്റ്റോക്ക് ചെയ്ത് വിൽപന |
| 5 | 104 | 4/217 | പാർപ്പിടം | ഫ്ളവർ മിൽ |
| 6 | 228 | 3/391 | പാർപ്പിടം | പലചരക്ക് വ്യാപാരം |

ഈ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല.

## 2-2 വസ്തു നികുതി നിർണ്ണയം -അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. മേൽ കെട്ടിടങ്ങൾക്ക് ആകെയുള്ള തറ വിസ്തീർണ്ണം 100 ച.മീ.ൽ കൂടുതലാണ്. കെട്ടിടത്തിന്റെ വിവരവും കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കും ചുവടെ ചേർക്കുന്നു.

A). വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

വർദ്ധനഃ വഴി സൗകര്യം-20%

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി @50 | ഈടാക്കേണ്ട നികുതി @70 | കുറവ് |
|---|---|---|---|---|---|
| 1 | 4/513A | 25.98 | 1637 | 2291 | 654 |
| 2 | 4/513B | 86.18 | 5430 | 7601 | 2171 |
| 3 | 4/513C | 17.76 | 1120 | 1566 | 446 |
| 4 | 4/513D | 17.88 | 1127 | 1577 | 450 |
| 5 | 4/513E | 37.56 | 2367 | 3312 | 946 |
| 6 | 4/513I 1st | 20.22 | 1212 | 1783 | 571 |
| 7 | 4/513J 1st | 69.87 | 4184 | 6163 | 1979 |

B) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

വർദ്ധന-വഴിസൗകര്യം-20%

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി @50 | ഈടാക്കേണ്ട നികുതി @70 | കുറവ് |
|---|---|---|---|---|---|
| 1 | 5/296A | 11.12 | 702 | 981 | 279 |
| 2 | 5/296B | 23.63 | 1489 | 2084 | 595 |
| 3 | 5/296C | 27.57 | 1738 | 2431 | 693 |
| 4 | 5/296D | 29.95 | 1887 | 2642 | 755 |
| 5 | 5/296E | 19.72 | 1182 | 1739 | 557 |
| 6 | 5/296F | 23.76 | 1423 | 2097 | 674 |
| 7 | 5/296G | 26.17 | 1568 | 2308 | 740 |

C) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

വർദ്ധനഃ വഴി സൗകര്യം-20%

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി @50 | ഈടാക്കേണ്ട നികുതി @70 | കുറവ് |
|---|---|---|---|---|---|
| 1 | 11/311A | 28.55 | 1799 | 2518 | 719 |
| 2 | 11/311B | 28.55 | 1799 | 2518 | 719 |
| 3 | 11/311C | 28.55 | 1799 | 2518 | 719 |
| 4 | 11/311D | 28.55 | 1799 | 2518 | 719 |
| 5 | 11/311E | 28.55 | 1799 | 2518 | 719 |
| 6 | 11/311F | 28.55 | 1799 | 2518 | 719 |
| 7 | 11/311G | 28.55 | 1799 | 2518 | 719 |
| 8 | 11/311H | 139.75 | 8805 | 12326 | 3521 |

D) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

വർദ്ധനഃ വഴി സൗകര്യം-20%

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി @50 | ഈടാക്കേണ്ട നികുതി @70 | കുറവ് |
|---|---|---|---|---|---|
| 1 | 11/492C | 14.85 | 936 | 1310 | 374 |

| | | | | | |
|---|---|---|---|---|---|
| 2 | 11/492D | 26.62 | 1678 | 2348 | 670 |
| 3 | 11/492E | 54.32 | 3423 | 4791 | 1368 |
| 4 | 11/492F | 8 | 479 | 670 | 191 |
| 5 | 11/492G | 12.7 | 761 | 1064 | 303 |
| 6 | 11/492H | 16.57 | 994 | 1388 | 394 |
| 7 | 11/492I | 14.85 | 890 | 1244 | 354 |
| 8 | 11/492J | 26.62 | 1595 | 2230 | 635 |
| 9 | 11/492K | 54.32 | 3252 | 4551 | 1299 |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. ദ്വിതീയ മേഖലയിലുള്ള താഴെചേർത്ത കെട്ടിടത്തിന് ത്രിതീയ മേഖലക്കുള്ള 20% ഇളവു നൽകി. കൂടാതെ കെട്ടിട പ്ളാൻ പ്രകാരം 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യത്തിന് 20% വർദ്ധന വരുത്തുകയും ചെയ്തില്ല.

വർദ്ധന-വഴി-20%

ഇളവ്-മേൽക്കൂര-10%, മേഖല-10%

| കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| 13/378-B | 648.81 | 25888 | 36786 | 10900 |

ഈ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം നടത്തി കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. താഴെപ്പറയുന്ന കെട്ടിടത്തിന്റെ തറനിർമ്മിതിയിൽ ടൈൽസ്/വിലകൂടിയ വസ്തുക്കൾ ഉപയോഗിക്കുന്നതിലുള്ള 15%വർദ്ധന-ഈടാക്കിയില്ല.

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം

വർദ്ധന-വഴി-20%

| കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| 3/455B | 536.07 | 4053 | 4559 | 506 |

ഈ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം നടത്തി കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4 പ്രഥമ മേഖലയിലുള്ള കെട്ടിടത്തിന് ദ്വിതീയ മേഖലയ്ക്കുള്ള 10% ഇളവു നൽകി.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

മേൽകുര ഇളവ് -10%

വർദ്ധന-വഴി-20%

.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കിയ നികുതി @50 | ഈടാക്കേണ്ട നികുതി @50 | കുറവ് |
|---|---|---|---|---|---|
| a) | 6/355D | 30.73 | 1614 | 1775 | 161 |
| b) | 3/89A | 18.44 | 969 | 1065 | 96 |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. 2017-18 വർഷം ധാരാളം കെട്ടിടങ്ങളെ വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്നീ ഇനത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം |
|---|---|
| 1 | 1/22D |
| 2 | 1/23B |
| 3 | 1/131B |
| 4 | 1/207A |
| 5 | 1/177A |
| 6 | 5/68A |
| 7 | 6/407B |
| 8 | 8/176A TO 8/176N |
| 9 | 8/279A |
| 10 | 9/19A |
| 11 | 10/228C |
| 12 | 14/55A |
| 13 | 15/70A |
| | |

ഇത്തരം കെട്ടിടങ്ങളിൽ അനധികൃതമായോ, അല്ലാതെയോ, കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഇനത്തിൽപെട്ട അനുവദനീയമായ വ്യവസായങ്ങൾ മാത്രമാണോ പ്രവർത്തിയ്ക്കുന്നത് എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-അപാകതകൾ

2017 -18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ അപാകതകളുണ്ട്.

പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.(ലിസ്റ്റിൽ ഉൾപെടാത്ത ചില സ്ഥാപനങ്ങൾ- ലിറ്റിൽ ഫ്ളവർ ഇംഗ്ളീഷ് മീഡിയം സ്കൂൾ, സ്കൂൾ ഓഫ് നഴ്സിങ്ങ്, കാഞ്ഞൂർ) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്തിട്ടില്ല. പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ലിസ്റ്റുകളിൽ എല്ലാ വരുമാനവും രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2). സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നതിൽ വലിയതോതിലുള്ള അപാകതകളുണ്ട്. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപെടുത്തി സ്ഥാപന ലിസ്ററ് തയ്യാറാക്കുകയോ, തൊഴിൽ നികുതി കണക്കാക്കുന്നതിനും ഈടാക്കുന്നതിനുമായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയും അത് ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ നികുതി വരവ് ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

(3). ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

List A

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | കെ.എസ്.ഇ.ബി. | Ist & IInd |
| 2 | പി.എസ്.എൻ.ഓട്ടോമൊബൈൽസ് | IInd |
| 3 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കാഞ്ഞൂർ | Ist & IInd |
| 4. | ഹോളി ഫാമിലി ഹോസ്പിറ്റൽ | ,, |
| 5. | വിമല ഹോസ്പിറ്റൽ | ,, |
| 6. | കെ.എസ്.എഫ്.ഇ., കാഞ്ഞൂർ | ,, |
| 7. | ക്ഷീരവികസനകേന്ദ്രം, കാഞ്ഞൂർ | ,, |
| 8. | -ടി-, പുതിയേടം | ,, |
| 9. | -ടി-, പാറപ്പുറം | ,, |
| 10. | ബി.എസ്.എൻ.എൽ. | ,, |
| 11 | മാഗസ് ഓഡിറ്റോറിയം | ,, |

ഈ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(4). ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷ പ്രകാരം ഈ സ്ഥാപനങ്ങളിൽ ജീവനക്കാർ പ്രവൃത്തിയെടുക്കുന്നതായി വ്യക്തമാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

List B

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | ഡി&ഓ ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | 9 | എസ്.&ബി. സ്പൈസസ്, ഓയിൽ | 3 |
| 2 | 10 | ബേക്കറി സാധനനിർമ്മാണം | 4 |
| 3 | 14 | കെ.ജി.ഇ.ഇ.പ്ലാസ്റ്റ് | 10 |
| 4 | 55 | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 4 |
| 5 | 72 | ഹോളോബ്രിക്സ് നിർമ്മാണം | 3 |
| 6 | 90 | അനുഗ്രഹ ഓയിൽ എക്സ്ട്രാക്ട്സ് | 2 |
| 7 | 94 | പി.വി.സി.ബെന്റ് നിർമ്മാണം | 4 |
| 8 | 99 | ഹോളോബ്രിക്സ് നിർമ്മാണം | - |
| 9 | 106 | അരിപ്പൊടി നിർമ്മാണം | 3 |
| 10 | 117 | ശിവദം ഗ്രൂപ്പ് – പൈപ്പ്, ടാങ്ക് – സംഭരണം, വിൽപ്പന | 4 |
| 11 | 131 | കല്യാണി ഫ്രൂട്ട് പ്രൊഡക്ട്സ് | 10 |
| 12 | 134 | കാദേഴ്സ് ഫുഡ് പ്രൊഡക്ട്സ് | 5 |
| 13 | 135 | കാദേഴ്സ് ബിൽഡിംഗ് മെറ്റീരിയൽസ് | 5 |
| 14 | 146 | റോസറി പാക്കേജിംങ് | 12 |
| 15 | 152 | വർഗ്ഗീസ് സൺസ് ഔട്ട് ഡോർ കാറ്ററിംങ് | 4 |
| 16 | 160 | സൂര്യ കോൺക്രീറ്റ് ബ്ലോക്ക് നിർമ്മാണം | 6 |
| 17 | 167 | ബ്രൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | - |
| 18 | 171 | M/s.ജോർജ് ഇൻഡസ്ട്രീസ് | 3 |
| 19 | 172 | മെട്രോ റബർ പ്രൊഡക്ട്സ് | 3 |

| | | | |
|---|---|---|---|
| 20 | 175 | ഡോ.ഗുഡ് സമരിറ്റൻ ഹോസ്പിറ്റൽസ് | - |
| 21 | 178 | സ്പൈസ് പ്ലാന്റേഴ്സ് | 3 |
| 22 | 182 | ഹോളോബ്രിക്സ് നിർമ്മാണം | 6 |
| 23 | 261 | ജോമേരി ആയുർവേദ ക്ലിനിക് | 3 |
| 24 | 268 | ശ്രീപദം ആയുർവേദ ചികിത്സാലയം | 3 |
| 25 | 275 | പൂജ മോഡേൺ റൈസ് മിൽ | 9 |
| 26 | 284 | പയ്യപ്പിള്ളി റൈസ് മിൽ | 9 |
| 27 | 285 | നന്ദിനി ഫ്ലോർ മിൽ | - |
| 28 | 287 | ഓക്സിജൻ ഇന്റർനാഷണൽ | - |
| 29 | 289 | യുവേഴ്സ് ടോംസ് ഡെന്റൽ ക്ലിനിക്ക് | 2 |

ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(5). 2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(6). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, ഡ്രൈവിങ്ങ് സ്കൂൾ, കള്ള്ഷാപ്പുകൾ, റേഷൻ ഷോപ്പുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ വസ്തുതകളിൽ നിന്നും കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായിട്ടല്ല നടക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നികുതി പിരിവും ആഭ്യന്തരനിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീ -അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

(2) രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഡി & ഒ ലൈസൻസ് ഫീ , സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യമായി അടച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൗണ്ട്

പ്രകാരമുള്ള വരവും റികൺസൈൽ ചെയ്ത് കൃത്യത ബോധ്യപ്പെടേണ്ടതുമാണ്.

(3) എല്ലാ ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

(4)വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിന് സ്ഥാപനങ്ങളുടെ വരുമാനം കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയോ വരുമാനത്തിന്റെ കൃത്യത പരിശാധിച്ച് അതിനനുസരിച്ച് ഡി & ഒ ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. താഴെ ചേർത്ത സ്ഥാപനങ്ങളുടെ ദിവസ വരുമാനം പരിശോധിച്ച് ഈടാക്കിയ ഡി & ഒ ലൈസൻസ് ഫീയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

| ക്രമ നം | ഡി & ഒ ലൈസൻസ് നം | സ്ഥാപനം | ഈടാക്കിയ ഡി & ഒ ലൈസൻസ് ഫീ | വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|---|
| 1 | 8 | പേവിങ്ങ് ടൈൽ നിർമ്മാണം | 300 | 2500 |
| 2 | 9 | ജാതിക്കയിൽ നിന്ന് ഓയിൽ എക്സ്ട്രാക്ഷൻ | 200 | 2500 |
| 3 | 10 | ബേക്കറി നിർമ്മാണം | 300 | 2500 |
| 4 | 14 | പ്ലാസ്റ്റിക് മോൾഡിങ്ങ് യൂണിറ്റ് | 500 | 2500 |
| 5 | 89 | മലഞ്ചരക്ക് സ്റ്റോക്ക് ചെയ്ത് വിൽപന | 300 | 2500 |
| 6 | 90 | അനുഗ്രഹ ഓയിൽ എക്സ്ട്രാക്ഷൻ | 300 | 2500 |
| 7 | 109 | ചകിരി നിർമ്മാണം | 500 | 900 |
| 8 | 117 | ശിവഭം ഗ്രൂപ്പ് | 300 | 2500 |
| 9 | 122 | ഗേറ്റ്, ട്രസ്സ് നിർമ്മാണം | 200 | 2000 |
| 10 | 134 | കാദേഴ്സ് ഫുഡ് പ്രോഡക്ട്സ് | 300 | 2500 |
| 11 | 135 | കാദേഴ്സ് ബിൽഡിങ്ങ് മെറ്റീരിയൽസ് | 400 | 2500 |
| 12 | 141 | PSN ഓട്ടോ മൊബൈൽസ് | 300 | 1500 |
| 13 | 249 | സഹകരണ നീതി മെഡിക്കൽ | 300 | 2500 |

| | | | | |
|---|---|---|---|---|
| | | സ്റ്റോർ | | |

(5) പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ഡി & ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ , വ്യവസായ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം 1105 (973+132) ആണെങ്കിലും 2017-18 വർഷം ഡി & ഒ ലൈസൻസിനായി അപേക്ഷ നൽകിയ സ്ഥാപനങ്ങളുടെ എണ്ണം 292 മാത്രമാണ്. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഇത് വ്യക്തമാക്കുന്നു. സ്ഥാപനലിസ്റ്റും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്ന് താഴെ ചേർത്ത സ്ഥാപനങ്ങൾ 2017-18 വർഷം ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം. | സ്ഥാപനം |
|---|---|---|
| 1 | 14/198 | ബാർബർ ഷോപ്പ് |
| 2 | 15/53A | ഗ്ലോബൽ സ്റ്റീൽ ഇൻഡസ്ട്രീസ് |
| 3 | 1/364A, 364B | കാച്ചപ്പിള്ളി സൗത്ത് ബസാർ |
| 4 | 9/397A | ഫ്ലോർ ഗാർഡൻസ് |
| 5 | 7/186 | അച്ചാർ യൂണിറ്റ് |
| 6 | 3/33A | ഫ്ലോർ മിൽ |
| 7 | 13/127 | ടോപ് ഫ്ലോർ&ഓയിൽ മിൽ |
| 8 | 9/114 | ബാർബർ ഷോപ്പ് |
| 9 | 9/150 | അമ്പാടി |
| 10 | 14/421 | ഹെർബൽ ബ്യൂട്ടി പാർലർ |
| 11 | 14/417 | ഗിഫ്റ്റ് ഹൗസ് |
| 12 | 4/430 | ഹരിശ്രീ ഗാർമെന്റ്സ് |
| 13 | 4/497 | ബേക്കറി |
| 14 | 13/440 | ഗ്രോസറി |
| 15 | 9/517 | ജ്വല്ലറി വർക്ക്സ് |
| 16 | 15/303 | ട്യൂൺസ് റെന്റ് |
| 17 | 4/85 | ഹാപ്പി |
| 18 | 5/328 | ബ്യൂട്ടി ക്ലിനിക്ക് |
| 19 | 2/145A | MVM പ്രൊവിഷൻ |
| 20 | 5/443A | ലാൻഡ് സ്കേപ്പിങ്ങ് |
| 21 | 1/443 | കാലിത്തീറ്റ |
| 22 | 10/150 | സ്പെയർ പാർട്ട്സ് |
| 23 | 9/124a | ഗ്രാന്റ് എഞ്ചിനീയറിങ് വർക്ക്സ് |
| 24 | 14/49 | എഞ്ചിനീയറിങ് വർക്ക്ഷോപ്പ് |
| 25 | 7/166F | ഫ്ലൈകാർഗോ ലോജിസ്റ്റിക്സ് |
| 26 | 6/146 | കാസിനോ മാർക്കറ്റിങ്ങ് |

(6). ഡി & ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ്

എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്.കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-5 <u>പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യണം</u>

എറണാകുളം ജില്ലാസഹകരണ ബാങ്ക് കാലടി ശാഖയിൽ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ (നം.006281000000010) 10-12-14ൽ 13,12,876/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിനുശേഷം പണമിടപാടുകളൊന്നുമില്ല. നാളിതുവരെ പലിശയൊന്നും ലഭിച്ചിട്ടില്ല. എം.എൻ.ലക്ഷംവീട് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് തുടങ്ങിയ അക്കൗണ്ടാണിത്. പ്രത്യേക ആവശ്യത്തിനുവേണ്ടി തുടങ്ങിയതും പണമിടപാടുകളില്ലാത്തതുമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. എം.എൻ.ലക്ഷംവീട് ഭവനപദ്ധതി നിലവിലില്ലാത്തതിനാൽ യാതൊരു പ്രയോജനവുമില്ലാതെ അവശേഷിക്കുന്ന ഈ വലിയ തുക സർക്കാർ അനുമതിക്ക് വിധേയമായി ലൈഫ് ഭവനപദ്ധതിയിലേക്ക് വകമാറ്റുകയോ, സർക്കാരിലേയ്ക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. നാളിതുവരെയുള്ള പലിശ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>ചിറമറ്റം ചിറ നവീകരണം,പഞ്ചായത്തിന് മണ്ണിന്റെ വില ലഭിച്ചില്ല.</u>

കാഞ്ഞൂർ പഞ്ചായത്തിലെ 6-ാം വാർഡിലെ ഏകദേശം 3 ഏക്കറോളം വരുന്ന ചിറമറ്റം ചിറ,സഹസ്രസരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണത്തിനായി, നബാർഡ്(RIDF XIX 2014-15) കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷനെ ഏല്പിച്ചു.84,37,000/-രൂപ അടങ്കലുള്ള പ്രവൃത്തി 66,157,70/-രൂപയ്ക്ക് ശ്രീമതി .ഡെയ്സി ജോർജ് 1-12-14ലെ കരാർ പ്രകാരം കുളം ഏറ്റെടുത്ത് പ്രവൃത്തി തുടങ്ങി. പ്രവൃത്തി തുടങ്ങിയതോ, ഇത്തരം ഒരു പ്രവൃത്തി പഞ്ചായത്ത് ആസ്തിയിൽ നടക്കുന്നതോ പഞ്ചായത്ത് അറിഞ്ഞില്ല. ഇതു സംബന്ധിച്ച് ഒരു അറിയിപ്പ് പഞ്ചായത്തിന് നബാർഡ്, KLDC എന്നിവിടങ്ങളിൽ നിന്നും ലഭിച്ചില്ല. കരാറുകാരനും പഞ്ചായത്തിൽ നിന്നൊ, മൈനിംഗ് ആന്റ് ജിയോളജി വിഭാഗത്തിൽ നിന്നൊ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി തേടിയില്ല. എന്നാൽ കരാറുകാരൻ ചിറയിലെ മണ്ണ് വ്യാപകമായി കടത്തിക്കൊണ്ടുപോകുന്നതായി നാട്ടുകാരുടെ പരാതി ലഭിച്ചപ്പോഴാണ് പഞ്ചായത്ത് ടി പ്രവൃത്തിയെക്കുറിച്ച് അറിഞ്ഞത്. ഇതേ തുടർന്ന് 22-3-17 ൽ സർവ്വകക്ഷി യോഗം ചേർന്ന്, പ്രവൃത്തി നിർത്തിവെക്കാൻ തീരുമാനമെടുത്തു. 11-5-2017 ലെ 3ാം നം കമ്മറ്റി തീരുമാനത്തിൽ പ്രവൃത്തി നിർത്തിവെക്കാനും, കടത്തിക്കൊണ്ടുപോയ മണ്ണിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കുവാനും KLDC യോട് ആവശ്യപ്പെടുവാനും ധാരണയായി. 12-5-17 ൽ തന്നെ എ2-627/17 പ്രകാരം KLDC യ്ക്ക് കത്ത് നൽകി.

എന്നാൽ പഞ്ചായത്ത്, മണ്ണ് നിക്ഷേപിക്കാൻ ഡംപിങ്ങ് യാർഡ് നൽകാത്തതിനാലാണ് മണ്ണ് താൻ മറ്റൊരിടത്തേയ്ക്ക് മാറ്റിയത് എന്ന വാദവുമായി കരാറുകാരൻ രംഗത്ത് വരികയും, പണി

തടസ്സപ്പെട്ടതിനെതിരെ പഞ്ചായത്തിനെ മൂന്നാം കക്ഷിയാക്കി ബഹു,കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ചെയ്തു.

പഞ്ചായത്തിന്റെ വാദങ്ങൾ അംഗീകരിച്ച കോടതി 9-4-18 ലെ WP(C)6985/18 വിധിയിൽ, എസ്റ്റിമേറ്റ് പ്രകാരമുള്ള മണ്ണിന്റെ വില പി.ഡബ്ല്യു.ഡി. മുഖേന നിശ്ചയിച്ച് കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തിന് നൽകാൻ KLDC യോട് ആവശ്യപ്പെട്ടെങ്കിലും, 30-4-18 ലും,4-12-18ലും ഈ ആവശ്യം ഉന്നയിച്ച് പഞ്ചായത്ത് KLDC യ്ക്ക് കത്ത് നൽകിയിട്ടും, നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായില്ല.

KLDC യുടെ 1-6-17 ലെ 15/CE(A)RIDF XIX-2014-15 കത്തിൽ, ചിറയിൽ നിന്ന് ആദ്യ ലെവൽ നീക്കം ചെയ്യേണ്ടത് 10744.375 ഘനമീറ്റർ മണ്ണ് ആണെന്നും, അതിൽ 3012.398 ഘ.മീ. നീക്കം ചെയ്തിട്ടുണ്ടെന്നും പറയുന്നു. എൽ.എസ്.ജി.ഡി. അസി.എക്സി.എഞ്ചിനീയർ നിശ്ചയിച്ച നൽകിയത് 1 $m^3$ ന് 763.52രൂപയാണ്. ഈ നിരക്കനുസരിച്ച് പഞ്ചായത്തിന് 2,300,026/-രൂപ ലഭിക്കണം. എന്നാൽ നാളിതുവരെ തുക ലഭിച്ചിട്ടില്ല.

KLDC ഏറ്റെടുത്ത് ടെണ്ടർ ചെയ്ത പ്രവൃത്തിയിൽ 9996 ച.മീ. വിസ്തീർണ്ണമുള്ള ചിറയിലെ പായൽ കോരി മാറ്റി, ചെളിയും, മണ്ണും 1.1 മീറ്റർ ആഴത്തിൽ നീക്കം ചെയ്യൽ, 3 മീറ്റർ ഉയരത്തിൽ 180 മീറ്റർ നീളത്തിൽ പാർശ്വഭിത്തി സംരക്ഷണം, 1.5 മീറ്റർ ഉയരത്തിൽ 184 മീറ്റർ നീളത്തിൽ കണക്ഷൻ തോടിന്റെ പാർശ്വഭിത്തി നിർമ്മാണം, 150 മീറ്റർ നീളത്തിൽ നിലവിലെ പാർശ്വഭിത്തി ഉയർത്തൽ എന്നിവയാണ് കരാർഎസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടത് എന്നും, ഏതാണ്ട് 90% പണി പൂർത്തിയാക്കിയെന്നും KLDC യുടെ 19-5-17 ലെ15/CE(A)RIDF XIX-2014-15 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അനധികൃതമായി മണ്ണ് നീക്കം ചെയ്യുന്നതിന് യന്ത്രം ഇറക്കുന്നതിനായി ചിറയുടെ കൽക്കെട്ടിന്റെ ഒരു ഭാഗം പൊളിച്ചത് വീണ്ടും കെട്ടിയെന്നല്ലാതെ മറ്റ് പണികളൊന്നും കരാറുകാരൻ ചെയ്തില്ല എന്നറിഞ്ഞിട്ടും, വസ്തുതകൾ അന്വേഷിക്കുന്നതിനൊ, പണി പൂർത്തിയാക്കാത്തതിനെക്കുറിച്ച് KLDC, നബാർഡ് എന്നീ സ്ഥാപനങ്ങളെ അറിയിക്കാനോ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

പഞ്ചായത്തിന്റെ വിലപ്പെട്ട ആസ്തിയായ ചിറയുടെ കൃത്യമായ വിസ്തീർണ്ണം, സർവ്വേ നമ്പർ എന്നീ അടിസ്ഥാന വിവരങ്ങൾ പോലും ആസ്തി രജിസ്റ്ററിൽ ഇല്ല. ദീർഘചതുരാകൃതിയിൽ നാലുവശവും,സംരക്ഷണഭിത്തിയും, കൽപടവുകളും ഉള്ള ചിറ വൃത്തിയാക്കിയാൽ പഞ്ചായത്തിന് മുഴുവൻ ഉപയോഗിക്കാവുന്ന ജലസ്രോതസ്സാക്കാവുന്നതാണ്. എന്നാൽ ഈ രീതിയിൽ ചിറ ഉപയോഗയോഗ്യമാക്കാനുള്ള ശ്രമങ്ങളൊന്നും നടന്നിട്ടില്ല. സഹസ്രസരോവരം പദ്ധതിയും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മേൽ പദ്ധതി പൂർത്തീകരിക്കാൻ നബാർഡിനോട് ആവശ്യപ്പെടാവുന്നതും,പഞ്ചായത്തിന് ലഭിക്കേണ്ട മണ്ണിന്റെ വില(ഏകദേശം 2,300,026/-രൂപ) ലഭിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതുമാണ്.

## 3-2 ഒരു സാമ്പത്തിക വർഷം രണ്ടുതവണ ലീവ് സറണ്ടർ അനുവദിച്ചു

പഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീമതി പി. രാജലക്ഷ്മിക്ക് 2017-18 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം രണ്ടുതവണ ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. 2017 ഏപ്രിൽ, ഒക്ടോബർ മാസങ്ങളിലാണ് ബിൽ മാറിയിട്ടുള്ളത്.

| | |
|---|---|
| 1 . വൗച്ചർ നം | 21700060/20.04.17 |
| അടിസ്ഥാന ശമ്പളം | 58050 |
| ഡി.എ (12%) | 6966 |
| എച്ച്.ആർ.എ | 1500 |
| ആകെ | 66516 |

| | |
|---|---|
| 2 . വൗച്ചർ നം | 21700577/06.10.17 |
| അടിസ്ഥാന ശമ്പളം | 58050 |
| ഡി.എ (12%) | 8127 |
| എച്ച്.ആർ.എ | 1500 |
| ആകെ | 67927 |

വിജിലൻസ് കേസിൽ ഉൾപ്പെട്ട് സസ്പെൻഷനിലായിരിക്കെ, 2017 മെയ് മാസത്തിൽ വിരമിച്ച ഈ ജീവനക്കാരിക്ക് 2017 ഒക്ടോബർ മാസത്തിൽ ലീവ് സറണ്ടർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഒരേ ക്ലെയിം രണ്ടുതവണ ചെയ്യതിലൂടെ താൽക്കാലിക പണാപഹരണമാണ് നടന്നിട്ടുള്ളത്. ഇത് ഗുരുതരമായ വീഴ്ചയാണ്. ആഭ്യന്തര നിയന്ത്രണത്തിലെ പിഴവാണ് ഇത്തരം സാഹചര്യമൊരുക്കിയത്. രണ്ടാമത് അനുവദിച്ച ലീവ് സറണ്ടർ തുകയായ 67927/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 ഐ.കെ.എം വിഹിതം -ആവശ്യപ്പെട്ടതിലധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | എസ്:221/17-18 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | 1,50,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക | 1,50,000/-(ബിൽ നം 97/16.08.2017) |

ഐ.കെ.എം പ്രവർത്തന ഫണ്ടിലേക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ നൽകുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം പ്രവർത്തന ഫണ്ടിലേക്ക് നൽകണമെന്ന് 08.03.2016 ലെ ജി ഒ (ആർ.ടി) 1228/16/ത സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശമുണ്ട്. ഐ.കെ.എം നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 2017-18 വർഷം കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് അടവാക്കേണ്ടത് 45780/-രൂപയാണ്. എന്നാൽ 1,50,000/- രൂപ ഈ പദ്ധതി പ്രകാരം അടവാക്കിയതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുകയായ 104220/-രൂപ തിരികെ ഈടാക്കുകയോ വരുംവർഷങ്ങളിലേക്കുള്ള വിഹിതത്തിലേക്ക് ക്രമീകരിക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ 104220/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തുടർ സാക്ഷരതാ പരിപാടി-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | എസ്:212/17-18 |
| പ്രോജക്റ്റിന്റെ പേര് | തുടർ സാക്ഷരതാ പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 20710/-(ബിൽ നം 396/27.03.2018) |

പത്താം തരം തുല്യതാ പരീക്ഷയ്ക്ക് പഞ്ചായത്തിൽ നിന്നും രജിസ്റ്റർ ചെയ്ത 20 പേർക്കുള്ള ഫീസായി 35,250/- രൂപ (19 പേർക്ക് 1850/-രൂപ വീതവും പട്ടിക വിഭാഗത്തിൽ പെട്ട ഒരു വ്യക്തിക്ക് 100/-വീതവും)

അടവാക്കുവാൻ എറണാകുളം ജില്ലാ സാക്ഷരതാ മിഷൻ 26.03.2018 ലെ DLM/A1/EQ102/18 നം കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആകെ 20710/- രൂപ മാത്രമേ പദ്ധതി പ്രകാരം അടവാക്കിയതായി കാണുന്നുള്ളൂ. എത്ര പേർക്ക് വേണ്ടിയാണ് ഈ തുക അടവാക്കിയതെന്ന വിവരം ഇവർ പരീക്ഷ എഴുതിയതിനുള്ള തെളിവ് സഹിതം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുകയായ 20710/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഡീസൽ ജനറേറ്റർ -ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ് അനുമതി തേടിയില്ല

പ്രോജക്ട് നം.എസ്. ഒ.21/17

നിർവ്വഹണം -സെക്രട്ടറി

മേൽ പ്രോജക്ടിന്റെ ഭാഗമായി 25 കിലോ വാട്ട്സ് ശേഷിയുള്ള ത്രീഫേസ് ഡീസൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. 407060/- (ബിൽ നം.1/23-6-17)ചെലവഴിച്ച് പവർമെക്ക് ഡീസൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേനയാണ് വാങ്ങിയിട്ടുള്ളത്. 18.3.17ലെ സ്ഥാപനവുമായുള്ള കരാർ പ്രകാരം സൈലന്റ് മോഡ് ജനറേറ്റർ സ്ഥാപിക്കൽ, ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റിൽ നിന്നുള്ള അനുമതി അടക്കമുള്ള വിലയാണ് നല്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരമുള്ള വിലയാണ് നൽകിയിട്ടുള്ളതും. എന്നാൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയിട്ടില്ല.

25കിലോ വാട്സ് ശേഷിയുള്ള ജനറേറ്റർ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റിൽ നിന്നുള്ള അനുമതി ആവശ്യമാണ്. കരാർ പ്രകാരം, കരാറുകാരന്റെ ചെലവിലും, ഉത്തരവാദിത്തത്തിലും ലഭ്യമാക്കേണ്ട പ്രസ്തുത അനുമതി നേടേണ്ടതാണ്.

## 3-6 പ്രവർത്തനം തുടങ്ങാത്ത എസ്.സി പകൽവീടുകൾക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങി നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | എസ്.93/17-18 |
| പ്രോജക്റ്റിന്റെ പേര് | എസ്.സി പകൽവീടുകൾക്ക് പാത്രങ്ങളും ഉപകരണങ്ങളും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | 1,29,500/-(എസ്.സി.പി ഫണ്ട്) |
| ചെലവഴിച്ച തുക | ബിൽ നം 30/29.03.18-1,29,500/- |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് പകൽവീടുകളാണ് ഉള്ളത്. അവ വാർഡ് 11ലെ ഐ.എച്ച്.ഡി.പി കോളനിയിലും, 15-ാം വാർഡിലെ ഹെർബർട്ട് കോളനിയിലുമാണ് സ്ഥിതി ചെയ്യുന്നത്. 2009-2010 ,2010-2011 വർഷങ്ങളിലായി പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ വൈദ്യുതി, കുടിവെള്ളം, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങൾ ഉണ്ടെങ്കിലും പകൽവീടുകൾ നാളിതു വരെയും പ്രവർത്തനം തുടങ്ങിയിട്ടില്ല. സാധാരണക്കാരായ ജനങ്ങൾ (ഭൂരിഭാഗവും പട്ടികവിഭാഗക്കാർ) തിങ്ങിപാർക്കുന്ന ഈ പ്രദേശത്തെ വയോധികർക്ക് പകൽവീട് വളരെയധികം പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. എന്നാൽ കെട്ടിട നിർമ്മാണം,അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കിയെങ്കിലും വർഷങ്ങളായി ഈ കെട്ടിങ്ങൾ അടച്ചിട്ടിരിക്കുകയാണ്. ഇക്കാര്യം 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു (ഖണ്ഡിക 3-15).

ഓഡിറ്റ് വേളയിലും ഇവ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഈ സാഹചര്യത്തിലും പാചകത്തിനുള്ള പാത്രങ്ങളും ടി.വി.യും മറ്റും വാങ്ങുന്നതിന് താഴെപറയും പ്രകാരം 129500/-രൂപ 2017-18 വർഷം ചെലവഴിച്ചിരിക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | കലം, മൂടി | 2 | 5000 |
| 2 | കലം, മൂടി (വലുത്) | 2 | 6600 |
| 3 | സ്റ്റീൽ പ്ലേറ്റ് | 100 | 28000 |
| 4 | കയിൽ | 4 | 1040 |
| 5 | ഉരുളി | 2 | 17800 |
| 6 | സ്റ്റീൽ ഗ്ലാസ്സ് | 50 | 7500 |
| 7 | ബേയ്സൺ | 4 | 1800 |
| 8 | ജഗ് | 4 | 1400 |
| 9 | ബക്കറ്റ് | 2 | 1740 |
| 10 | സ്പൂൺ | 24 | 1440 |
| 11 | സോസ് പാൻ | 2 | 1600 |
| 12 | 32 "എൽ.ഇ.ഡി.ടി.വി-(സോണി-model nx KLV32R412D) | 2 | 55580 |
| ആകെ | | | 129500 |

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്തൃകമ്മിറ്റിയുമായി എഗ്രിമെന്റ് വച്ച് വേണമായിരുന്നു വിതരണം നടത്തേണ്ടത് . എന്നാൽ അപ്രകാരം ചെയ്യാതെ വാങ്ങിയ സാധനങ്ങൾ രണ്ട് പകൽവീടുകളിലായി കൂട്ടിയിട്ടിരിക്കുകയാണ്. നാളിതുവരെ വാങ്ങിയ കട്ടിലുകൾ, ബെഡുകൾ മറ്റു സാധനങ്ങളും, തൻവർഷം വാങ്ങിയവയും അലക്ഷ്യമായി ടി കെട്ടിടങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന കാഴ്ചയാണ് നേരിട്ടുള്ള പരിശോധനയിൽ കണ്ടത്. സ്ഥാപനനടത്തിപ്പ് എങ്ങനെ മുന്നോട്ടുകൊണ്ടു പോകണമെന്ന വ്യക്തമായ കാഴ്ചപ്പാട് ആവശ്യമാണ്. എസ്.സി.പി ഫണ്ട് ഏതു വിധേനയും ചെലവഴിക്കുക എന്ന് ലക്ഷ്യത്തോടെ അനാവശ്യമായി സാധനങ്ങൾ വാങ്ങിക്കൂട്ടി തുക ചെലവഴിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-7 പഠനമുറിക്ക് സഹായം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം | എസ്.89/17-18 |
| പ്രോജക്റ്റിന്റെ പേര് | പഠനമുറിക്ക് സഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | 3,00,000/- |
| ചെലവഴിച്ച തുക | 1. ബിൽ നം 14/12.10.17-2,00,000/-<br>2. ബിൽ നം 2/19.07.17-1,00,000/- |

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്ക് സഹായം നൽകുന്നതിനുള്ള മേൽ പദ്ധതിയിൽ മൂന്ന്

ഗുണഭോക്താക്കൾക്കായി 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. GO (Rt) 626/16/LSGD dated 15.02.16, GO (Rt) 1683/17/LSGD dated 23.05.17 നമ്പർ ഉത്തരവിലെ നിബന്ധനകളും അവയുടെ ലംഘനവും ചുവടെ ചേർക്കുന്നു.

| ഉത്തരവിലെ വ്യവസ്ഥകൾ | പാലിക്കാത്ത വ്യവസ്ഥകൾ |
|---|---|
| ബി.പി എൽ കുടുംബമാകണം | റേഷൻകാർഡ് പ്രകാരം 3 ഗുണഭോക്താക്കളും എ.പി.എൽ കുടുംബാംഗങ്ങൾ |
| നിലവിലുള്ള വീട് 800 ച.അടിയിൽ താഴെയായിരിക്കണം | പരിശോധനക്കായി തങ്കപ്പൻ എം.എ, രാരി വി.എം എന്നീ രണ്ട് ഗുണഭോക്താക്കളുടെ വീടിന്റെ പ്ലാൻ ലഭ്യമാക്കിയിട്ടില്ല. വീടിനോട് അധികമുറി കൂട്ടിച്ചേർക്കുന്നതിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്തതായി കാണുന്നില്ല, |
| നിലവിൽ വാസയോഗ്യമായ വീട് ഉണ്ടായിരിക്കണം | സാക്ഷ്യപത്രമില്ല. |

രണ്ട് ഗുണഭോക്താക്കൾ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 16/ 31.12.18) നൽകിയ വിശദീകരണം. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | എസ്:206/17-18 |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 1. ബിൽ നം 89/22.07.17 – 3,21,750/- |

തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ലോകബാങ്ക് വിഹിതമായി ലഭിച്ച 7,00,000/- രൂപ വകയിരുത്തി 2016-17 ൽ പദ്ധതി രൂപീകരിച്ചിരുന്നു. ഇതിൽ തെരുവ് വിളക്ക് നീട്ടുന്നതിനുള്ള ചെലവു തുക 2016-17 ൽ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സാധനങ്ങൾ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനാണ് സ്പിൽ ഓവറായി തൻവർഷം പ്രോജക്റ്റ് നടപ്പിലാക്കിയിരിക്കുന്നത്. തെരുവ് വിളക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്യുന്നതിന് ടെണ്ടർ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്ത ജോസ് & സൺസ് ഇലക്ട്രിക്കൽസ്, ബാനർജി റോഡ്, എറണാകുളം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. 22.03.2017 ൽ സ്ഥാപനവുമായി ഒപ്പിട്ട കരാറിൽ, സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് 2 വർഷം on spot warranty നൽകുന്നതാണെന്ന വ്യവസ്ഥയുണ്ട്. കെ.എസ് ഇ. ബി ക്ക് നൽകേണ്ട സൂപ്പർവിഷൻ ചാർജ് അടക്കേണ്ടതും കരാറുകാരന്റെ ചുമതലയാണ്. ഈ തുക അടവാക്കിയതിന് രേഖകളില്ല. സ്ഥാപനത്തിന്റെ 22.03.2017 ലെ ഇൻവോയ്സ് പ്രകാരം 195 എൽ.ഇ.ഡി ലൈറ്റുകൾ സപ്ലൈ ചെയ്തതിന് 321750/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രമോ മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിലില്ല.

വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി ലൈറ്റുകളിൽ പകുതിയിലധികവും ഗ്യാരണ്ടി കാലാവധിയിൽ തന്നെ കേടു വന്നിട്ടുള്ളതായും 15 ദിവസത്തിനകം മെയിന്റനൻസ് നടത്തുകയോ, പുതിയവ നൽകുകയോ ചെയ്യേണ്ടതാണെന്ന് സെക്രട്ടറിയുടെ 21.06.2018 ലെ എ2-300/18 നം കത്തിലൂടെ

സ്ഥാപനത്തോട് ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ കേടുവന്ന ലൈറ്റുകൾ പോസ്റ്റിൽ കയറി അഴിച്ചെടുത്ത് നന്നാക്കാമെന്ന വ്യവസ്ഥ കരാറിലില്ലെന്നും, ലൈറ്റുകൾ പോസ്റ്റിൽ നിന്നും അഴിച്ച് കൊടുത്താൽ മാത്രമേ മാറ്റി നൽകുകയുള്ളൂവെന്നാണ് സ്ഥാപനം മറുപടി നൽകിയിട്ടുള്ളത്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. കരാറേറ്റെടുത്ത സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ തെരുവ് വിളക്കുകൾ നന്നാക്കിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് മെയിന്റനൻസ്

2017-18 വർഷം താഴെപറയും പ്രകാരം 14,18,910/- രൂപ തെരുവ് വിളക്ക് മെയിന്റനൻസ് ചാർജ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ, തീയതി | തുക |
|---|---|
| 39402/04.07.2017 | 341318 |
| 21700343/14.08.2017 | 341318 |
| 21700791/30.11.2017 | 368137 |
| 21701332/03.03.2018 | 368137 |
| ആകെ | 14,18,910 |

പഞ്ചായത്തുകമ്മറ്റിയുടെ 27.06.2016 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം 11.06.2016 മുതൽ 10.07.2017 വരെയുള്ള കാലയളവിലേക്ക് വി.എം. അലി എന്ന വ്യക്തിക്ക് തെരുവ് വിളക്ക് പരിപാലനത്തിനുള്ള എ.എം.സി നൽകിയിരുന്നു. കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടി സ്വീകരിക്കാതെ അതേ വ്യക്തിക്കു തന്നെ മുൻവർഷത്തെ നിരക്കിൽ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുകയായിരുന്നു കഴിഞ്ഞവർഷം ചെയ്തത്. ഇ-ടെണ്ടർ നടപടികളിലെ പരിചയക്കുറവു മൂലമാണ് ടെണ്ടർ ക്ഷണിക്കാതിരുന്നതെന്നാണ് ഇതിന് വാക്കാൽ മറുപടി നൽകിയത്. പദ്ധതി രൂപീകരിച്ച് ,ഡി.പി.സി അംഗീകാരം വാങ്ങാതെയും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ നാല് തവണകളായി എ.എം.സി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വാർഡിലെ എല്ലാ തെരുവുവിളക്കുകളും നന്നാക്കിയിട്ടുണ്ടെന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രം അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ എന്ന്, എപ്രകാരമുള്ള പണി നടത്തിയെന്ന് വ്യക്തമാകുന്നില്ല. മെയിന്റനൻസിനുള്ള സാധനങ്ങൾ വാങ്ങിയതിന് തെളിവായി ബില്ല് വാങ്ങി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ വാങ്ങിയ സാധനങ്ങളുടെ എണ്ണം, ഗുണനിലവാരം, അംഗീകൃത ബ്രാൻഡ് ആണോ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താനാവുന്നില്ല. ഒറിജിനൽ ബില്ല് ഹാജരാക്കാത്തതിനാൽ എത്ര രൂപയുടെ സാധനങ്ങൾ വാങ്ങിയെന്നതിന് വ്യക്തതയില്ല. ഇത് നികുതി വെട്ടിപ്പിനും കാരണമാകുന്നു. വാറന്റി കാലയളവിൽതന്നെ കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല .

പഞ്ചായത്തിലെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കണം ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരമൊരു രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാതിരുന്നതിനാൽ ഈ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

2) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം(പോസ്റ്റ് നമ്പർ ഉൾപ്പെടെ) ,തരം എന്നിവ(വാർഡ് തിരിച്ച്)രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ കെ.എസ്.ഇ.ബിയിൽ നിന്ന് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാങ്ങി ടി രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ് (എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി ,പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ച് തുടങ്ങിയവ). മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാർ ക്ഷണിക്കേണ്ടത്.

3) പദ്ധതി മോണിറ്ററിങ്ങ് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് (കേ.പ.രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക)ആവർത്തന ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ, പദ്ധതി അംഗീകാരം നേടാതെ നടപ്പാക്കുന്ന പ്രവൃത്തികൾ പൊതുപണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഈയിനത്തിലുള്ള ചെലവു തുകയായ 14,18,910/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ആട് വിതരണം - പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | എസ്.ഒ. 112/17-18 |
| പ്രോജക്റ്റിന്റെ പേര് | ആട് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ആകെ അടങ്കൽ | 152500/- |
| ചെലവഴിച്ച തുക | 1. 152500/--ചെക്ക് നം 2327094/08.12.2017<br>2. 82500/- ചെക്ക് നം 37922/12.03.2018 |

2016-17 ൽ നടപ്പാക്കിയ ആട് വിതരണം പദ്ധതിയിൽ ചെലവഴിക്കാൻ ബാക്കി വന്ന തുക ഉൾപ്പെടുത്തി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതിയാണിത്. തനതു ഫണ്ടിൽ നിന്നും 55000/- രൂപയും പഞ്ചായത്തിലടച്ചിരുന്ന ഗുണഭോക്തൃവിഹിതമായ 92500/- രൂപയും ഉൾപ്പെടെ 152500/-രൂപയാണ് പദ്ധതി അടങ്കൽ വച്ചിരുന്നത്. ഈ തുക ചെക്ക് നം 2327094/08.12.2017 പ്രകാരം ആടുകളെ സപ്ലൈ ചെയ്ത ബിജു കെ.എ എന്ന വ്യക്തിക്ക് നൽകി. ഇത്രയുമാണ് പ്രോജക്റ്റ് പ്രകാരമുള്ള ചെലവ്. എന്നാൽ പിന്നീട് 82500/- രൂപ കൂടി ചെക്ക് നം 37922/12.03.2018 പ്രകാരം ടി വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഈ ചെലവ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. 2016-17 ൽ എത്ര പേർക്ക് ആട് വിതരണം നടത്തിയെന്നും ഈയിനത്തിൽ എത്ര രൂപ സപ്ലയർക്ക് നൽകാനുണ്ടായിരുന്നുവെന്നുമുള്ള വിവരവും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആടു വിതരണം പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് 2016-17 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുണ്ട്. പദ്ധതി അടങ്കലിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. 82500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷൻ(SEUF)

## വഴി നടപ്പാക്കിയ ജൈവഭരണി വിതരണം- അപാകതകൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ബയോ ഡൈജസ്റ്റർ പോട്ട് (ജൈവ ഭരണികൾ) |
| പ്രൊ.നമ്പർ | എസ് 059/18 |
| അടങ്കൽ തുക | 4,99,125/-<br>(Dev.Fund-GEN.)- 5,52,936- + Beneficiary Contribution- 45375/- + Ownfund-814/-) |
| നിർവ്വഹണ ഏജൻസിയുടെ പേര് | Socio Economic Unit Foundation, Aluva |

എറണാകുളം ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്ററുടെ 22.03.2017ലെ 500/SBM(G)/ 2016-17/TS-55 നമ്പർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ബയോ ഡൈജസ്റ്റർ പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2017-18 -ൽ നടപ്പാക്കിയ " ബയോ ഡൈജസ്റ്റർ പോട്ട് (ജൈവ ഭരണികൾ) " എന്ന പ്രൊജക്ടിൽ 292 ഗുണഭോക്താക്കൾക്കായി 4,99,125/- രൂപ അടങ്കലിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ നിർവ്വഹണം ഏൽപ്പിച്ച് നടപ്പാക്കിയ പദ്ധതിയിൽ ലക്ഷ്യമിട്ട 292 ഗുണഭോക്താക്കളും ഗുണഭോക്തൃവിഹിതം അടച്ച് പ്ലാന്റ് സ്ഥാപിച്ചു. ആകെ ചെലവായത് 4,52,600/ രൂപയാണ്.

ഈ പ്രൊജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെപ്പറയുന്നു.

I.

| | | | |
|---|---|---|---|
| Invoice No. | SEUF/EKM /INV/17-18/115 23.11.2017 | 165 X 1550= 255750 | SEUF Receipt No. |
| SEUF ന് നല്കിയ തുക | സബ്സിഡി തുക<br>165 x 1395 = 230175 | ട്രഷറി ബിൽ നം. 14/17-18 24.11.2017 | 303/ 12.1.18 |
| | ഗുണഭോക്തൃവിഹിതം<br>165 x 155 = 25575 | ചെക്ക് നം. 2327100 13.12.2017 | 304/ 29.1.18 |
| | 165 x1550= 255750 | | |

II.

| | | | |
|---|---|---|---|
| Invoice No. | SEUF/EKM /INV/17-18/119 05.01.2018 | 85 X 1550= 131750 | SEUF Receipt No. |
| SEUF ന് നല്കിയ തുക | സബ്സിഡി തുക<br>85 x 1395 = 118575 | ട്രഷറി ബിൽ നം. 27/17-18 29.01.2018 | 305/ 29.01.18 |
| | ഗുണഭോക്തൃവിഹിതം<br>85 x 155 = 13175 | ചെക്ക് നം. 2347155 12.01.2018 | 306/ 26.2.18 |
| | 85 x1550= 131750 | | |

III.

| | | | |
|---|---|---|---|
| Invoice No. | SEUF/EKM /INV/17-18/125 | 22 X 1550= 34100 | SEUF Receipt No. |

| | | | |
|---|---|---|---|
| | 21.02.2018 | | |
| SEUF ന് നല്കിയ തുക | സബ്സിഡി തുക<br>22 x 1395 = 30690 | ട്രഷറി ബിൽ നം. 38/17-18<br>08.03.2018 | 308/ 08.3.18 |
| | ഗുണഭോക്തൃവിഹിതം<br>22 x 155 = 3410 | ചെക്ക് നം. 2347165<br>28.02.2018 | 307/ 08.3.18 |
| | 22x1550= 34100 | | |

IV.

| | | | |
|---|---|---|---|
| Invoice No. | SEUF/EKM /INV/17-18<br>19.03.2018 | 20 X 1550= 31000 | SEUF Receipt No. |
| SEUF ന് നല്കിയ തുക | സബ്സിഡി തുക<br>20 x 1395 = 27900 | ട്രഷറി ബിൽ നം. 42/17-18<br>20.03.2018 | 310/ 28.3.18 |
| | ഗുണഭോക്തൃവിഹിതം<br>20 x 155 = 3100 | ചെക്ക് നം. 2347179<br>17.03.2018 | 309/ 21.3.18 |
| | 20x1550= 34100 | | |
| ആകെ | സബ്സിഡി തുക | 4,07,340 | 4,52,600 |
| | ഗുണഭോക്തൃവിഹിതം | 45,260 | |

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണ ഏജൻസി ആലുവയിലുള്ള സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ്(SEUF). " ജൈവഭരണി വിതരണം ചെയ്തതിന് ഈ ഏജൻസിക്ക് 4,52,600/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഈ ചെലവ് തുകയ്ക്ക് GST രജിസ്ട്രേഷനുള്ള ബില്ലുകൾ ഏജൻസി പഞ്ചായത്തിന് നല്കിയിട്ടില്ല. തുക കൈപ്പറ്റിയതായുള്ള രസീതിൽ സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ നമ്പർ കാണിച്ചിട്ടുമില്ല. GST അടക്കമുള്ള യൂണിറ്റ് കോസ്റ്റാണ് സ്ഥാപനം ഈടാക്കിയത് എന്നതിനാൽ, ടി തുക GST അക്കൗണ്ടിലേക്ക് അടയ്ക്കാനുള്ള രജിസ്ട്രേഷൻ നമ്പർ ഇല്ലാത്ത ഈ ഏജൻസി പഞ്ചായത്ത് ഫണ്ട് അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്നു എന്ന് വ്യക്തമാകുന്നു.

മേൽപ്പറഞ്ഞ അപാകത കണക്കിലെടുത്ത് പഞ്ചായത്ത് ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ഉപയോഗിച്ച ബിറ്റുമിന്റെ മുഴുവൻ വിലയും ബില്ലിൽ കുറവ് ചെയ്തിട്ടില്ല.- 10719/- രൂപ നഷ്ടം

I

| | |
|---|---|
| പ്രവൃത്തിയുടെ പേര് | രണ്ടാം മെറ്റലിംഗ് & ടാറിംഗ് -<br>തുണ്ടി റോഡ് വാർഡ് 10 |
| പ്രൊ.നമ്പർ | എസ് 150/18 |
| അടങ്കൽ തുക | 87,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. ടിജോ വർഗ്ഗീസ് |
| എഗ്രിമെന്റ് നമ്പർ-തീയതി | 34/KJ/AE/LSGD/16-17 Dtd. 28.01.2017 |

| | |
|---|---|
| ആകെ ചെലവ് | 1)81,435/- (ട്രഷറി ബിൽ നം.27/17-18 തീയതി 30.06.2017) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ "രണ്ടാം മെറ്റലിംഗ് & ടാറിംഗ് - തുണ്ടി റോഡ് " എന്ന പ്രവൃത്തിക്ക് കരാർ പിടിച്ച ശ്രീ. ടിജോ വർഗ്ഗീസ് 28/01/2017 -ൽ ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റിയത് 30.06.2017- ലാണ്. ടിയാൾക്ക് താഴെപ്പറയും പ്രകാരം ഫൈനൽ ബിൽത്തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 81435 |
| കുറയ്ക്കുക: ടെൻഡർ കുറവ്-9.9% | 8062 |
| കുറയ്ക്കുക : കാലി ബാരൽ വില -6 ബാരൽ(6 x238) | 1428 |
| ആകെ | 71945 |
| ബിറ്റുമെൻ വില- VG-30- 546 kg x 36.29 | 19814 |
| ബിറ്റുമെൻ വില – Emulsion 91kg x 37.52 | 3414 |
| ആകെ | 48717 |
| കുറയ്ക്കുക: KVAT- 4% (71945) | 2878 |
| : WWF -1% | 719 |
| : IT -1% | 719 |
| VAT – കാലി ബാരൽ ( 14.5% of 1428) | 207 |
| കരാറുകാരന് നല്കിയത് | 44194 |

ഈ പ്രവൃത്തിയിൽ പഞ്ചായത്ത് കരാറുകാരന് SS-1, VG-30 ഇനത്തിലുള്ള ബിറ്റുമെൻ വാങ്ങി നല്കിയിട്ടുണ്ടായിരുന്നു. RS- I ബിറ്റുമെൻ കരാറുകാരൻ തന്നെ വാങ്ങി ഉപയോഗിക്കുകയാണുണ്ടായത്. എന്നാൽ അളവ് പുസ്തകപ്രകാരം കരാറുകാരൻ ഉപയോഗിച്ചിരിക്കുന്ന ബിറ്റുമെന്റെ അളവിന് തുല്യമായിട്ടല്ല SS-1, VG-30 ബിറ്റുമെന്റെ വില ബില്ലിൽ കുറച്ചിരിക്കുന്നത്.

| ഇനം | ഉപയോഗിച്ചിരിക്കുന്ന ബിറ്റുമെന്റെ അളവ് (kg) | ബില്ലിൽ കുറച്ച ബിറ്റുമെന്റെ അളവ് (kg) | വ്യത്യാസം | ബില്ലിൽ കുറച്ച തുക | കുറയ്ക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|
| എസ് എസ്1 | 211 | 91 | 120 | 91 x 37.52= 3414 | 211 x 37.52=7917 | 120x37.52= 4503 |
| VG-30 | 522.76 | 546 | 19.97 | 546 x 36.29= 19814 | 522.76 x 36.29= 18971 | (-)843 |
| | ആകെ അധികം നല്കിയത് | | | | | 3660 |

II.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | രണ്ടാം മെറ്റലിംഗ് & ടാറിംഗ് - ഐറിഷ് ഡ്രെയിൻ നിർമ്മാണം<br>കിഴക്കേലൻ റോഡ് വാർഡ് 10 |
| പ്രൊ.നമ്പർ | എസ് 149/18 |
| അടങ്കൽ തുക | 1,87,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. ടിജോ വർഗ്ഗീസ് |
| എഗ്രിമെന്റ് നമ്പർ-തീയതി | 34/KJ/AE/LSGD/16-17 Dtd. 28.01.2017 |
| ആകെ ചെലവ് | 2,24,895/- (ട്രഷറി ബിൽ നം. 56/17-18 തീയതി 19.07.17) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ "രണ്ടാം മെറ്റലിംഗ് & ടാറിംഗ് - ഐറിഷ് ഡ്രെയിൻ നിർമ്മാണം-കിഴക്കേലൻ റോഡ് " എന്ന പ്രവൃത്തി കരാർ പിടിച്ച ശ്രീ. ടിജോ വർഗ്ഗീസ് 28/01/2017 -ൽ ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റിയത് 28.06.2017- ലാണ്. ടിയാൾക്ക് താഴെപ്പറയും പ്രകാരം ഫൈനൽ ബിൽത്തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 185900 |
| കുറയ്ക്കുക: ടെൻഡർ കുറവ്-9.9% | 18404 |
| ആകെ | 167496 |
| കുറയ്ക്കുക : കാലി ബാരൽ വില -7 ബാരൽ(7 x238) | 1666 |
| ബിറ്റുമെൻ വില- VG-30- 624 kg x 36.29 | 22645 |
| ബിറ്റുമെൻ വില – Emulsion 91kg x 37.52 | 3414 |
| ആകെ | 139771 |
| കുറയ്ക്കുക: KVAT- 4% | 6633 |
| : WWF -1% | 1658 |
| : IT -1% | 1658 |
| VAT – കാലി ബാരൽ ( 14.5% of 1666) | 242 |
| കരാറുകാരന് നല്കിയത് | 129580 |

ഈ പ്രവൃത്തിയിലും പഞ്ചായത്ത് കരാറുകാരന് SS-1, VG-30 ഇനത്തിലുള്ള ബിറ്റുമെൻ വാങ്ങി നല്കിയിട്ടുണ്ടായിരുന്നു. RS- I ബിറ്റുമെൻ കരാറുകാരൻ തന്നെ വാങ്ങി ഉപയോഗിക്കുകയാണുണ്ടായത്. എന്നാൽ അളവ് പുസ്തകപ്രകാരം കരാറുകാരൻ ഉപയോഗിച്ചിരിക്കുന്ന ബിറ്റുമെന്റെ അളവിന് തുല്യമായിട്ടല്ല SS-1, VG-30 ബിറ്റുമെന്റെ വില ബില്ലിൽ കുറച്ചിരിക്കുന്നത്.

| ഇനം | ഉപയോഗിച്ചിരിക്കുന്ന ബിറ്റുമെന്റെ അളവ് (kg) | ബില്ലിൽ കുറച്ച ബിറ്റുമെന്റെ അളവ് (kg) | വ്യത്യാസം | ബില്ലിൽ കുറച്ച തുക | കുറയ്ക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| എസ്എസ്1 | 259.79 | 91 | 168.79 | 91 x 37.52= 3414 | 259.79 x 37.52 =9747 | 6333 |
| VG-30 | 643.97 | 624 | 19.97 | 624 x 36.29= 22645 | 643.97 x 36.29= 23370 | 726 |
| | ആകെ അധികം നല്കിയത് | | | | | 7059 |

മേൽപ്പറഞ്ഞപ്രകാരം RS-1, VG-30 ഇനത്തിലുള്ള ബിറ്റുമെന്റെ യാഥാർത്ഥ ഉപയോഗത്തിന്റെ അളവ് ബില്ലിൽ കുറവ് വരുത്താതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അധികം നല്കിയ തുക 10,719/- കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-13 കുഴിച്ചെടുത്ത മണ്ണിന്റെ വില ഈടാക്കിയില്ല- കരാറുകാരനിൽ നിന്ന് 2685/- രൂപ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹെർബർട്ട് കോളനി റോഡ് - ഐറീഷ് ഡ്രെയിൻ നിർമ്മാണം |
| പ്രൊ.നമ്പർ | എസ് 217/18 |
| അടങ്കൽ തുക | 4,00,000/- |
| കരാർ തുക | 30.6 % below ER |
| കോൺട്രാക്ടറുടെ പേര് | ശ്രീ. പോൾ കെ വിൻസെന്റ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 30/KJ/AE/LSGD/16-17 Dtd. 27.10.2017 |
| ആകെ ചെലവ് | 2,77,556/- (ട്രഷറി ബിൽ നം. 95/17-18 തീയതി 06.01.2018) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ "ഹെർബർട്ട് കോളനി റോഡ് - ഐറീഷ് ഡ്രെയിൻ നിർമ്മാണം" എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിലേക്കാളും 30.6% കുറവിൽ കരാർ നല്കിയത് ശ്രീ.പോൾ കെ വിൻസെന്റ് എന്നയാൾക്കാണ്. ഇതനുസരിച്ച് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക 27.11.2017-ൽ കൈപ്പറ്റി.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 399937 |
| ടെൻഡർ കുറവ് (30.6%) | 122381 |
| ആകെ | 277556 |
| കുറയ്ക്കുക: IT -1% | 2776 |
| WWF -1% | 2776 |
| കരാറുകാരന് നല്കിയത് | 272004 |

ഈ പ്രവൃത്തിയിൽ " Excavation in cutting in soil by manual means ….” (Item No.1 of M/B 67/16-17) എന്ന ഇനത്തിൽ 53.235 $m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തുകയും ആയതിന്റെ ലേബർ ചാർജായി 13832.05 രൂപ നല്കിയിട്ടുമുണ്ട്(Page.16 of MB). എന്നാൽ കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിച്ചതായി അളവുപുസ്തകത്തിൽ കാണുന്നില്ല. ഈ സാഹചര്യത്തിൽ കുഴിച്ചെടുത്ത മണ്ണിന്റെ വില 2685/- രൂപ ( 53.235 x 50.44/$m^3$) കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-14 എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല- കോമ്പൻസേഷൻ തുക 6786/- രൂപ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പി.എച്ച്.സി സബ് സെന്റർ അറ്റകുറ്റപ്പണി -വാർഡ് 1 |
| പ്രൊ.നമ്പർ | എസ് 162/17 & എസ് 171/18 |
| അടങ്കൽ തുക | 3,00,000/- |
| കരാർ തുക | 13 % below ER(2,61,000/-) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. ഷാന്റോ ജോസ് |
| എഗ്രിമെന്റ് നമ്പർ-തീയതി | 9/KJ/AE/LSGD/16-17 Dtd. 28.01.2017 |
| ആകെ ചെലവ് | 2,24,895/- (ട്രഷറി ബിൽ നം. 168/17-18 തീയതി 30.3.18) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ "പി.എച്ച്.സി സബ് സെന്റർ അറ്റകുറ്റപ്പണി" എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിലേക്കാളും 13% കുറവിൽ കരാർ നല്കിയത് ശ്രീ.ഷാന്റോ ജോസ് എന്നയാൾക്കാണ്. ടിയാൾ 28/01/2017 -ൽ ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം 8 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ടിയാൾക്ക് 28.01.2017-ൽ തന്നെ സൈറ്റ് കൈമാറ്റം ചെയ്തിരുന്നു. എന്നാൽ ടിയാൾ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചില്ല. പിന്നീട് 05.03.2018-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 11 പ്രകാരം ഈ പ്രൊജക്ടിൽ അംഗീകാരം കിട്ടിയ ഇനം പ്രവൃത്തികൾ ചെയ്യേണ്ടതില്ലെന്ന് വാർഡ് മെമ്പർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി തുകയിൽ അധികരിക്കാതെ പി.എച്ച് .സി-യുടെ മുൻവശത്ത് ടൈൽ വിരിക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റിയത് 28.03.2018- ലാണ്.

| | |
|---|---:|
| ആകെ പ്രവൃത്തി മൂല്യം | 258500 |
| ടെൻഡർ കുറവ് (13%) | 33605 |
| ആകെ | 224895 |
| കുറയ്ക്കുക: IT -1% | 2249 |
| WWF -1% | 2249 |
| കരാറുകാരന് നല്കിയത് | 229397 |

I. 27/09/2017 ൽ പണി പൂർത്തിയാക്കേണ്ട കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുകയോ, കാലതാമസത്തിന് വിശദീകരണം നല്കുകയോ ചെയ്തതായി കാണുന്നില്ല. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധിക്കകം പ്രവൃത്തി കഴിഞ്ഞില്ലെങ്കിൽ, 2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 അനുസരിച്ച് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതുമാണ്. ഇത് പ്രകാരം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. കരാറുകാരന് ഫൈനൽ ബിൽ

തുക നല്കിയതിനൊപ്പം കരാർ കാലാവധി കഴിഞ്ഞതിനുള്ള നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടുമില്ല. താഴെപ്പറയുന്ന പ്രകാരം 6786/- രൂപ കോമ്പൻസേഷൻ ഇനത്തിൽ കോൺട്രാക്ടറിൽ നിന്ന് ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 27/09/2017 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 28.03.2018 |
| കാലതാമസം | 26 ആഴ്ച |
| കോമ്പൻസേഷൻ ഈടാക്കേണ്ടത് (0.1% of PAC/ Week) | 2.6 x 261000= 6786/- |

2) ടെൻഡർ ഷെഡ്യൂൾ പ്രകാരം കരാർ ചമച്ച് പ്രവൃത്തി സൈറ്റ് ഏറ്റെടുത്ത ശേഷം ഒരു വർഷത്തിനുശേഷം വാർഡ് മെമ്പറുടെ ആവശ്യപ്രകാരമാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനമെടുത്തത്. നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യകാരണസഹിതമുള്ള റിപ്പോർട്ടോ, കരാറുകാരന്റെ അപേക്ഷയോ ഇല്ലാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മാറ്റം വരുത്താനുള്ള തീരുമാനം ക്രമപ്രകാരമല്ല. വ്യക്തമായ കാരണങ്ങളില്ലാതെയും, ഗ്രാമസഭയുടെ അനുവാദമില്ലാതെയും ഒരിക്കൽ അംഗീകാരം കിട്ടി ടെൻഡർ ചെയ്ത് കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തിയിൽ പിന്നീട് മാറ്റം വരുത്തിയതിന് വിശദീകരണമില്ല. പ്രവൃത്തിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി 28.12.18 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.3) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 2,24,895/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 ഗുണഭോക്തൃസമിതി പ്രവൃത്തി - അധികനിരക്ക് നല്കി- 5517/- രൂപ കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എടനാട് റോഡ് ഫോർമേഷൻ & സൈഡ് പ്രൊട്ടക്ഷൻ വാർഡ് 15 |
| പ്രൊ.നമ്പർ | എസ് 205/17 |
| അടങ്കൽ തുക | 3,91,874/- |
| കൺവീനറുടെ പേര് | ശ്രീ. സാജു സേവ്യർ |
| എഗ്രിമെന്റ് നമ്പർ- തീയതി | 88/KJ/AE/LSGD/16-17 Dtd. 31.03.2017 |
| ആകെ ചെലവ് | 2,24,895/-<br><br>(ട്രഷറി ബിൽ നം.145/17-18<br>തീയതി. 26.3.2018) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ "എടനാട് റോഡ് ഫോർമേഷൻ & സൈഡ് പ്രൊട്ടക്ഷൻ" എന്ന പ്രവൃത്തി ഗുണഭോക്തൃസമിതിയാണ് ചെയ്തത്. ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ. സാജു സേവ്യർ 31/03/2017 -ൽ ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റിയത് 28.03.2018- ലാണ്.

| | നല്കിയത് | | നല്കാവുന്നത് | കൂടുതൽ നല്കിയത് |
|---|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 389953 | ആകെ പ്രവൃത്തി മൂല്യം | 389953 | 355403-349886 |
| കുറയ്ക്കുക: 7 % | 27297 | കുറയ്ക്കുക: 7.5 % | 29246 | |
| ആകെ | 362656 | ആകെ | 360707 | |

| | | | | |
|---|---|---|---|---|
| കൂട്ടുക : WWF -1% | 3627 | കൂട്ടുക : WWF -1% | 0 | |
| ആകെ | 366283 | ആകെ | 360707 | |
| കുറയ്ക്കുക: WWF -1% | 3627 | കുറയ്ക്കുക: WWF -1% | 3607 | |
| IT -2% | 7253 | IT -2% | 7214 | |
| കരാറുകാരന് നല്കിയത് | 355403 | കരാറുകാരന് നല്കാവുന്നത് | 349886 | 5517 |

ഗുണഭോക്തൃസമിതി ചെയ്ത മേൽപ്പറഞ്ഞ പ്രവൃത്തിയുടെ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് 15% ഓവർഹെഡ് ചാർജ്ജും കൂടി ഉൾപ്പെട്ടതാണ്. ഫൈനൽ ബിൽ നല്കുമ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന് 7.5 % കുറവ് ചെയ്യേണ്ടതാണെന്ന് ഉത്തരവുണ്ട്.
( സർക്കുലർ നം.ഡി.ബി3-6512(ബി)/2013/സി.ഇ/ത.സ്വ.ഭ.വ തീയതി.29.12.2016).

ബാക്കി 7.5% -ൽ 1% WWF വിഹിതം അടയ്ക്കാനുള്ള തുക കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ 7.5% കുറച്ചതുകയോട്ടുകൂടി വീണ്ടും 1% WWF വിഹിതം കൂട്ടേണ്ടതില്ല. എന്നാൽ ഇവിടെ 7.5% കുറക്കേണ്ടതിന് പകരം 7% മാത്രമേ കുറച്ചിട്ടുള്ളൂ എന്ന് മാത്രമല്ല 1% WWF വിഹിതം കൂടി കൂട്ടിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്തൃസമിതിക്ക് 5517/- രൂപ അധികതുക നല്കിയത് ഗുണഭോക്തൃസമിതി കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-16 മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 9/2018) ഇൻഡന്റ് പ്രകാരം കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനായി ട്രഷറി ബിൽ നം. 14/2017-18 പ്രകാരം 95600/- രൂപ നൽകി. എന്നാൽ നാളിതുവരെ 67944/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ . ബാക്കിയുള്ള 27656/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

2. മാനസിക രോഗികൾക്ക് മരുന്ന വാങ്ങൽ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 4/2018) ഇൻഡന്റ് പ്രകാരം കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനായി ചെക്ക് നം. 2347180 തീ 23.3.18 പ്രകാരം 54035/- രൂപ നൽകി. എന്നാൽ നാളിതുവരെ 31407/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ . ബാക്കിയുള്ള 22628/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

3. വയോജനങ്ങൾക്ക് മരുന്ന വാങ്ങൽ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 10/2018) ഇൻഡന്റ് പ്രകാരം കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനായി ട്രഷറി ബിൽ നം. 11/2017-18 പ്രകാരം 265600/- രൂപ നൽകി. എന്നാൽ നാളിതുവരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

4. ക്യാൻസർ നിർണ്ണയ ക്യാമ്പ് പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 71/2018) പദ്ധതി അടങ്കൽ 25000/- രൂപയായിരുന്നു. എന്നാൽ പദ്ധതി റിവൈസ് ചെയ്യാതെ പ്രോജക്ട് നടത്തിപ്പിനായി 10000/- രൂപ അധികമായി തനതു ഫണ്ടിൽ നിന്നു ചെലവാക്കിയതായി കാണുന്നു. പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ അടങ്കൽ തുക കൃത്യമായി കണക്കാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അടിയന്തിര ഘട്ടത്തിൽ മാത്രം അടങ്കൽ തുകയിലധികം അനിവാര്യമാണെങ്കിൽ പദ്ധതി റിവൈസ് ചെയ്ത് അംഗീകാരം നേടേണ്ടതുമാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ഉപഖണ്ഡിക 1 -ലുള്ള ബാലൻസ് മരുന്നുകൾ ലഭിച്ചതായി അറിയിച്ചെങ്കിലും ബില്ലും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല.

മറ്റു മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

1. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ഏർപ്പെട്ടിട്ടുള്ള കരാറുകാരനിൽ നിന്ന് 1% IT deduct ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സോഫ്റ്റ് വെയറിൽ TDS കുറവു ചെയ്യുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും TDS ഈടാക്കി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. 2018-19 ൽ സ്പിൽ ഓവറായി പൂർത്തിയാക്കിയ സോളിഡ് ബ്രിക്സ് നിർമ്മാണം എന്ന പ്രവൃത്തിക്ക് (OP/14190) 2017-18 വർഷം ചെലവഴിച്ച 347625/-രൂപ അടക്കം 461870/- രൂപ ചെലവായിട്ടുള്ളതാണ്. ആകെ 7139 സോളിഡ് ബ്രിക്സ് നിർമ്മാണം നടത്തിയ ഈ പദ്ധതി പ്രകാരം ഒരു സോളിഡ് ബ്രിക്കിന് 64.69/- രൂപ ചെലവു വരുന്നതായി കാണുന്നു. മാർക്കറ്റിൽ ഏകദേശം 25 രൂപക്ക് മുതൽ ലഭ്യമാകുന്ന സോളിഡ് ബ്രിക്സ് 64.69/- നിരക്കിൽ നിർമ്മിച്ചു നൽകുന്ന പ്രവൃത്തിയുടെ പ്രായോഗികത പരിശോധിക്കേണ്ടതാണ്. കൂടാതെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾ കരാറുകാരനിൽനിന്ന് വാങ്ങി ശേഖരിക്കുന്നതിന്റെ വിവരങ്ങളും (ബിൽ നം അടക്കം) നിർമ്മാണം നടത്തിയ സോളിഡ് ബ്രിക്സിന്റെ എണ്ണവും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സോളിഡ് ബ്രിക്സ് വിതരണം നടത്തിയതിനുള്ള വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സോളിഡ് ബ്രിക്സിന്റെ സ്റ്റോക്കും വിതരണം നടത്തിയ വിവരങ്ങളും ചേർത്ത് പരിശോധനയ്ക്കായി നൽകേണ്ടതാണ്.

.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 220000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 220000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 329400 | ബഡ്സ് സ്കൂൾ-പഠന-പഠനേതര ഉപകരണങ്ങൾ വാങ്ങൽ | 329400 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 56546 | നെൽകൃഷിക്ക് കൂലിച്ചെലവ് | 56546 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 247644 | എസ്.ടി കുടുംബത്തിന് സ്ഥലം വാങ്ങൽ | 247644 | 0 |

വാർഷിക കണക്ക് പ്രകാരം തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 320700209 എന്ന ഹെഡിൽ 13,29,400/-രൂപ വരവുണ്ട്. ഇത് ഏതൊക്കെ പദ്ധതിക്കാണ് ലഭിച്ചതെന്ന് വ്യക്തതയില്ല. മേൽ പട്ടിക പ്രകാരം ലഭിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടും 320700209-ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്ന ഇനത്തിൽ 8,00,000/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇതുപോലെ ജില്ലാ പഞ്ചായത്തു വിഹിതമായി 320700205 എന്ന ഹെഡിൽ 17,00,000/-രൂപയും 320700405 എന്ന ഹെഡിൽ 2,00,000/-രൂപയും വരവുണ്ട്. ഇതിൽ 2,00,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പ്രത്യേകം എ.സി.ആർ സൂക്ഷിക്കാത്തതിനാൽ ഫണ്ട് വിനിയോഗം നിരീക്ഷിക്കാൻ സംവിധാനമില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പ് മെയിന്റനൻസും മാറ്റി സ്ഥാപിക്കലും | 214586/ 31.03.2018 | 56000 | 0 | 56000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 214575/ 31.03.2018 | 1401760 | 0 | 1401760 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 214583/ 31.03.2018 | 321750 | 0 | 321750 |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനു മുമ്പ് തന്നെ ആസ്തി ഇനത്തിൽ(410400103-drinking water pipeline, 410600102-street line extension) ചെലവ് രേഖപ്പെടുത്തുന്നതായി കാണുന്നു. ഡെപ്പോസിറ്റ് വർക്കിന് തുക നൽകുമ്പോൾ 460500201-advance to implementing agencies-KWA, 460500202-advance to implementing agencies-KSEB തുടങ്ങിയ ശീർഷകങ്ങളിലാണ് അതാതിനനുസരിച്ച് ചെലവുതുക രേഖപ്പെടുത്തേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ആസ്തിയായി മാറ്റേണ്ടതാണ്. 2017-18 വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം 460500201-advance to implementing agencies-KWA എന്ന ഇനത്തിൽ 4,90,200 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക മുൻവർഷം നൽകിയ മുൻകൂർതുക ക്രമീകരിക്കാത്തതാണ്. കൂടാതെ 460500202-advance to implementing agencies-KSEB എന്ന ഇനത്തിൽ 12,08,016 രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം നൽകിയ തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കേണ്ടതും മുൻകൂർ നൽകുമ്പോൾ ശരിയായ ഹെഡിൽ ചെലവ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 849/2010 /തസ്വഭവ തീയതി 12.03.10 | 2422500 | 911468 | 296893 | 0 | 614575 |

.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 312/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 1996-97 | 1 | 5 | സെക്രട്ടറി, കാഞ്ഞൂർ പഞ്ചായത്ത് | 117010402650 തീയതി 01.12.17 |
| 1997-98 | 2(4), 2(6) | 63 | ദേവസ്സി ടി.ഒ | 117010402651 തീയതി 01.12.17 |
| | | 47 | സെക്രട്ടറി, കാഞ്ഞൂർ പഞ്ചായത്ത് | 117010402652 തീയതി 01.12.17 |
| | | 1 | വെറ്റിനറി സർജൻ | 117010402653 തീയതി 01.12.17 |
| | | 34 | വെറ്റിനറി സർജൻ | 117010402654 തീയതി 01.12.17 |
| 1998-99 | 12,13 | 39 | വിലാസിനി പി ആർ | 117010402659 തീയതി 01.12.17 |

| | | | | |
|---|---|---|---|---|
| | | 103 | അന്നം പി പി | 117010402650 തീയതി 01.12.17 |
| | | 20 | എലിസബത്ത് എ ബി | 117010402661 തീയതി 01.12.17 |
| ആകെ | | 312 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1997-98 | | | അദ്ധ്യായം IV 7(64) Page no.56 | 65,018/- | | തീർപ്പാക്കി യിട്ടില്ല |
| 1998-99 | 28 | 2003-04 | അദ്ധ്യായം III 7(9)1 Page no.71 | 2,03,000 | സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് സെറ്റ് തുടങ്ങിയവ വാങ്ങിയതിലെ ക്രമക്കേട് | തീർപ്പാക്കി യിട്ടില്ല |
| 1998-99 | 33 | 2003-04 | അദ്ധ്യായം III 7(9)1 Page no.72 | 50,000 | കമ്യൂണിറ്റി ഹാൾ നിർമ്മാണം– അഡ്വാൻസ് കൈപ്പറ്റി പണിയൊന്നും ചെയ്യാത്തത് സംബന്ധിച്ച് | തീർപ്പാക്കി യിട്ടില്ല |
| 2014-15 | 2-3 | 2016-17 | അനുബന്ധം | -- | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 8 സ്ഥാപനങ്ങളിൽ 5 എണ്ണം തുക അടവാക്കി |
| 2015-16 | 2-2 | 2016-17 | അനുബന്ധം | -- | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | നോട്ടീസ് നൽകി. 2 സ്ഥാപനങ്ങൾ തുക അടവാക്കി |

## 4-8 ചാർജ് -സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76274608 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80642844 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86848 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1851235 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 67927 | കെ.കെ.സുബ്രമണ്യൻ, സെക്രട്ടറി |
| 3-12 | | 10719 | അനു.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 2685 | |
| 3-15 | | 5517 | |
| ആകെ | | 86848 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 104220 | കെ.കെ സുബ്രമണ്യൻ, സെക്രട്ടറി |
| 3-4 | 20710 | |
| 3-9 | 1418910 | |
| 3-10 | 82500 | ഡോ.ഹെന കൃഷ്ണൻ, വെറ്ററിനറി സർജ്ജൻ |
| 3-14 | 224845 | അനു ടി., അസ്സി. എഞ്ചിനീയർ |
| | 1851235 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കെ സുബ്രമണ്യൻ, സെക്രട്ടറി | സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്. | കുഞ്ഞിത്തേമാലി വീട്, നായത്തോട് പി.ഒ, അങ്കമാലി. |
| അനു.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്. | നീണ്ടുപാടത്ത് വീട്, വടക്കേക്കര പി.ഒ |

| | | |
|---|---|---|
| ഡോ.ഹെന കൃഷ്ണൻ, വെറ്ററിനറി സർജൻ | വെറ്റിനറി സർജൻ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്. | എളമന വീട്, വെസ്റ്റ് കടുങ്ങല്ലൂർ, ആലുവ. |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-4)586/05/ |
| 1997-98 | എൽ.എഫ്.ഇ.(പി-4)589/00/27.10.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി-4)578/05/31.03.2006 |
| 1999-00, 2001-02 (ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ |
| 2000-01 | എൽ.എഫ്.ഇ(പി-4)1390/06/23.10.2007 |
| 2001-02 (വരവ്) | എൽ.എഫ്.ഇ(പി-4)1391/06/23.10.2007 |
| 2002-03 | എൽ.എഫ്.ഇ(പി-4)592എ/10/16.06.2011 |
| 2003-04 | എൽ.എഫ്.ഇ(പി-4)592/10/16.06.2011 |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2176/17 /29.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(പി.13)146 /19

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:18/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

*2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.*

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വാട്ടർ കണക്ഷന് നൽകിയ 35800/- രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടും ആയത് ചെലവിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല.
4. റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ ലഭിച്ച 4977871/- രൂപ തെറ്റായി ലയബിലിറ്റി ഹെഡ്ഡിൽ റസീപ്റ്റ് ചെയ്തിരിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്